**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3408** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡ് പിരിച്ചുവിടുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്നപ്പോൾ റവന്യൂ വകുപ്പ് മന്ത്രി എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മൂലമാണോ ബോർഡ് നിർത്തലാക്കാനുള്ള തീരുമാനം കൈക്കൊള്ളാതിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കാനുള്ള ഒരു പ്രൊപ്പോസലും സർക്കാരിന്റെ മുന്നിലില്ല. എന്നുമാത്രമല്ല ഹൗസിംഗ് ബോർഡിനെ ശാക്തീകരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ഇതിന്റെ ഭാഗമായി നിന്നുപോയ സർക്കാർ ജീവനക്കാരുടെ ഹൗസിംഗ് ലോൺ അടക്കമുള്ള പുതിയ പദ്ധതികൾക്ക് ഇത്തവണത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതി സബ്സിഡി 3 ലക്ഷമായി വർദ്ധിപ്പിക്കുകയും ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 ലെ ബഡ്ജറ്റിൽ ഭവന നിർമ്മാണ ബോർഡിന് 41.58 കോടി രൂപ നീക്കിവച്ചിട്ടുമുണ്ട്. ലക്ഷം വീട് പദ്ധതിയിൽ ഇരട്ട വീടുകൾ, ഒറ്റവീടുകളാക്കാനുള്ള പദ്ധതി സർക്കാരിന്റെ സഹായത്തോടെയും, സ്പോൺസർമാരുടെ സഹായത്തോടെയും, ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ മുന്നേറുകയാണ്. |
| (ബി) | ഭവനനിർമ്മാണ ബോർഡ് പിരിച്ചു വിടുന്നതിലൂടെ ഭവനം ലഭിക്കാതെ കാത്തിരിക്കുന്നവർക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി തടസ്സപ്പെടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കാനുള്ള ഒരു പ്രൊപ്പോസലും സർക്കാരിന്റെ മുന്നിലില്ല. എന്നുമാത്രമല്ല ഹൗസിംഗ് ബോർഡിനെ ശാക്തീകരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ഇതിന്റെ ഭാഗമായി നിന്നുപോയ സർക്കാർ ജീവനക്കാരുടെ ഹൗസിംഗ് ലോൺ അടക്കമുള്ള പുതിയ പദ്ധതികൾക്ക് ഇത്തവണത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതി സബ്സിഡി 3 ലക്ഷമായി വർദ്ധിപ്പിക്കുകയും ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 ലെ ബഡ്ജറ്റിൽ ഭവന നിർമ്മാണ ബോർഡിന് 41.58 കോടി രൂപ നീക്കിവച്ചിട്ടുമുണ്ട്. ലക്ഷം വീട് പദ്ധതിയിൽ ഇരട്ട വീടുകൾ, ഒറ്റവീടുകളാക്കാനുള്ള പദ്ധതി സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെയും, സ്പോൺസർമാരുടെ സഹായത്തോടെയും, ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ മുന്നേറുകയാണ്. |
| (സി) | സംസ്ഥാനത്തിന്റെ ഹൃദയഭാഗങ്ങളിൽ ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമി കൈക്കലാക്കുവാനും ക്രയവിക്രയം നടത്തുവാനും ലക്ഷ്യമിടുന്ന റിയൽ എസ്റ്റേറ്റ്, ഭൂമാഫിയകളുടെ താൽപര്യം ഈ തീരുമാനത്തിന് പിന്നിലുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കാനുള്ള ഒരു പ്രൊപ്പോസലും സർക്കാരിന്റെ മുന്നിലില്ല. എന്നുമാത്രമല്ല ഹൗസിംഗ് ബോർഡിനെ ശാക്തീകരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ഇതിന്റെ ഭാഗമായി നിന്നുപോയ സർക്കാർ ജീവനക്കാരുടെ ഹൗസിംഗ് ലോൺ അടക്കമുള്ള പുതിയ പദ്ധതികൾക്ക് ഇത്തവണത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതി സബ്സിഡി 3 ലക്ഷമായി വർദ്ധിപ്പിക്കുകയും ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 ലെ ബഡ്ജറ്റിൽ ഭവന നിർമ്മാണ ബോർഡിന് 41.58 കോടി രൂപ നീക്കിവച്ചിട്ടുമുണ്ട്. ലക്ഷം വീട് പദ്ധതിയിൽ ഇരട്ട വീടുകൾ, ഒറ്റവീടുകളാക്കാനുള്ള പദ്ധതി സർക്കാരിന്റെ സഹായത്തോടെയും, സ്പോൺസർമാരുടെ സഹായത്തോടെയും, ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ മുന്നേറുകയാണ്. |

സെക്ഷൻ ഓഫീസർ